# മഹാത്മാഗാന്ധി സർവ്വകലാശാല

## പ്രിയദർശിനി ഹിൽസ് പി. ഒ., കോട്ടയം – 686 560

(കേരള നിയമസഭയുടെ 17-04-1985 ലെ നം: 3431/ലെ ജി.സി. 1/85/നിയമവിഭാഗം വിജ്ഞാപനമനുസരിച്ച് സ്ഥാപിക്കപ്പെട്ടത്)


"ഭരണഭാഷ-മാതൃഭാഷ"

നം. 41442/EI I/2019

തീയതി: 29/11/2019

## വിജ്ഞാപനം

30/04/2019 – നു ചേർന്ന സിൻഡിക്കേറ്റ് യോഗം ഇനം നമ്പർ ഒ.എ 28/19.03 പ്രകാരം സർവ്വകലാശാല നടത്തിയ ബി.ടെക് പരീക്ഷകളിൽ ഏതെങ്കിലും സെമസ്റ്ററുകളിൽ ഒരു വിഷയം മാത്രം വിജയിക്കുവാനുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിരുന്ന മോഡറേഷനോട് കൂടിയ മാർക്കിനു പുറമെ പരമാവധി 5 മാർക്കു കൂടി സിൻഡിക്കേറ്റ് മോഡറേഷനായി നൽകുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 17/05/2019 – ന് 2085/ഇ.ഐ 1/2019/എം.ജി.യു നമ്പർ സർവ്വകലാശാലാ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

30/04/2019-ലെ സിൻഡിക്കേറ്റ് തീരുമാനപ്രകാരവും 17/05/2019 – ലെ സർവ്വകലാശാല ഉത്തരവിന്റെ അടിസ്ഥാനത്തിലും 118 വിദ്യാർത്ഥികൾ ബി.ടെക് പരീക്ഷ പാസ്സായതായി പ്രഖ്യാപിക്കുകയുണ്ടായി. തുടർന്ന് 10 വിദ്യാർത്ഥികൾക്ക് കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡുകൾ മാത്രം നൽകിയിട്ടുള്ളതും 48 വിദ്യാർത്ഥികൾക്ക് കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡുകളും പ്രൊവിഷണൽ സർട്ടിഫിക്കറ്റുകളും 45 വിദ്യാർത്ഥികൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റുകളും നൽകിയിട്ടുള്ളതുമാകുന്നു. 15 വിദ്യാർത്ഥികൾക്ക് വിജയിച്ച ഗ്രേഡ് കാർഡുകളോ മറ്റ് രേഖകളോ നൽകിയിട്ടില്ലാത്തതുമാകുന്നു.

പിന്നീട്, 24/10/2019 – ന് ചേർന്ന സിൻഡിക്കേറ്റ് യോഗം ഇനം നമ്പർ 1/19.09 പ്രകാരം ..."നിരവധി ബി.ടെക്ക് വിദ്യാർത്ഥികളുടെ ഭാവി കണക്കിലെടുത്ത് യാതൊരു നിക്ഷിപ്ത താൽപര്യവുമില്ലാതെ സർവ്വകലാശാല 2019 ഏപ്രിൽ 30 – ന് ഒ.എ 28/19.03 നമ്പർ പ്രകാരം എടുത്ത നയപരമായ തീരുമാനം ഐകകണ്ഠേന പിൻവലിക്കുവാനും തദനുസരണം 2019 മേയ് 2017 – ന് പുറപ്പെടുവിച്ച 2085/ഇ.ഐ 1/2019/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവ് റദ്ദു ചെയ്യുവാൻ തീരുമാനിക്കുകയും പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 26/10/2019 – ൽ 5207/EI I/2019/ എം.ജി.യു നമ്പർ സർവ്വകലാശാലാ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാകുന്നു.

തദനുതസണം, 1985 – ലെ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട്, അദ്ധ്യായം IV – 23 (xxi) പ്രകാരം, 17/05/2019 – ന് പുറപ്പെടുവിച്ച 2085/ഇ.ഐ 1/2019/എം.ജി.യു നമ്പർ സർവ്വകലാശാലാ ഉത്തരവ് പ്രകാരം ബി.ടെക് പരീക്ഷ വിജയിച്ചതായി പ്രഖ്യാപിച്ചിട്ടുള്ള 118 വിദ്യാർത്ഥികളുടെ പരീക്ഷ വിജയിച്ചതായ പരീക്ഷാഫലം റദ്ദു ചെയ്ത് വിദ്യാർത്ഥികൾക്ക് നൽകിയിട്ടുള്ള കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡുകൾ, പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, ഡിഗ്രി സർട്ടിഫിക്കറ്റ് എന്നിവ റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു. ബി.ടെക്ക് പരീക്ഷ വിജയിച്ചതായ പരീക്ഷാഫലം റദ്ദു ചെയ്ത വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ ഇതോടൊപ്പം ചേർത്തിരിക്കുന്നു.

പരീക്ഷാ കൺട്രോളർ (i/c)